# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 29.09.2026**

### പ്രധാനവാർത്തകൾ

1. സംസ്ഥാനത്തെ 38 തദ്ദേശ വാർഡുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ യുഡിഎഫിന് 19 സീറ്റിലും, എൽഡിഎഫിന് 18 ഇടത്തും, ട്വന്റി-20 യ്ക്ക് ഒരു സീറ്റിലും വിജയം.

2. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ വിശ്വസ്ത സുരക്ഷ പങ്കാളിയായി നിലകൊള്ളാൻ ഇന്ത്യയ്ക്ക് സാധിക്കുന്നതായി നാവിക കമാൻഡർ കോൺഫറൻസിൽ രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്.

3. സംസ്ഥാനത്തു  മരുന്നുക്ഷാമമില്ലെന്നും  ചില മരുന്നുകളുടെ കുറവുള്ളത്  ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചതായും ആരോഗ്യ മന്ത്രി കെ മുരളീധരൻ.

4. ടൂറിസ്റ്റ് ബസുകളിലെ ഏകീകൃത കളർ കോഡ് പുനഃപരിശോധിക്കാൻ  ട്രാൻസ്പോർട്ട് അതോറിറ്റിക്ക് നിർദേശം നൽകി സംസ്ഥാന സർക്കാർ.

5. ഹൃദയാരോഗ്യത്തിൻറെ പ്രാധാന്യം ഓർമപ്പെടുത്തി ഇന്ന് ലോക ഹൃദയ ദിനം.

6. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് ഇന്ന് രണ്ട് സ്വർണം. വനിതകളുടെ 4 ബൈ 400 റിലേയിലും, ട്രാപ് ഷൂട്ടിങ്ങിലുമാണ് ഈ സുവർണ നേട്ടം.

RNU TVPM

## ഉപതിരഞ്ഞെടുപ്പ് (ഇൻട്രോ)

സംസ്ഥാനത്തെ 38 തദ്ദേശ വാർഡുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ യുഡിഎഫിന് 19 സീറ്റിലും, എൽഡിഎഫിന് 18 ഇടത്തും, ട്വന്റി-20 യ്ക്ക് ഒരു സീറ്റിലും വിജയം. രണ്ട് സിറ്റിങ് എംഎൽഎ മാരുടെ വാർഡുകൾ ഉൾപ്പെടെ യുഡിഎഫിന്റെ ഏഴ് വാർഡുകൾ പിടിച്ചെടുത്ത് എൽഡിഎഫ് ഉപതിരഞ്ഞെടുപ്പിൽ വ്യക്തമായ മേൽക്കൈ നേടി. എൽഡിഎഫിന്റെ നാല് ഗ്രാമപഞ്ചായത്ത് വാർഡുകൾ ആണ് യുഡിഎഫ് പിടിച്ചെടുത്തത്. എറണാകുളം പൂതൃക്ക ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡ് ട്വന്റി-20 നിലനിർത്തി.

**വിശദാംശങ്ങളിലേക്ക്...**

(വോയ്സ്)

കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിൽ ഉപതിരഞ്ഞെടുപ്പ് നടന്ന അയ്യപ്പൻകാവ്, കുറ്റിച്ചിറ വാർഡുകൾ നിലനിർത്താൻ യുഡിഎഫിന് കഴിഞ്ഞു. എന്നാൽ ചിറ്റൂർ എംഎൽഎ സുമേഷ് അച്യുതൻ ഒഴിഞ്ഞ പാലക്കാട് തത്തമംഗലം മുനിസിപ്പാലിറ്റിയിലെ പരുത്തിക്കാവ് വാർഡ് യുഡിഎഫിന് നഷ്ടമായി. ഇരു സ്ഥാനാർത്ഥികളും തുല്യമായ എണ്ണം വോട്ട് നേടിയതോടെ നറുക്കെടുപ്പിലൂടെയാണ് ഇവിടെ വിജയിയെ നിർണയിച്ചത്. ചാലക്കുടി മുനിസിപ്പാലിറ്റിയിലെ 24ാം വാർഡ് യുഡിഎഫും, മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ ഉരുവച്ചാൽ വാർഡ് എൽഡിഎഫും നിലനിർത്തി. ചങ്ങനാശ്ശേരി എംഎൽഎ വിനു ജോബ് പ്രതിനിധാനം ചെയ്തിരുന്ന കോട്ടയം ജില്ലാ പഞ്ചായത്തിലെ തൃക്കൊടിത്താനം ഡിവിഷൻ എൽ ഡിഎഫ് പിടിച്ചെടുത്തു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ കല്ലറ ഡിവിഷൻ യുഡിഎഫിനും, പാലക്കാട് ജില്ലാ പഞ്ചായത്തിലെ പല്ലശ്ശന ഡിവിഷൻ എൽഡിഎഫിനും നിലനിർത്താനായി. ഉപതിരഞ്ഞെടുപ്പ് നടന്ന 7 ബ്ലോക്ക് പഞ്ചായത്തുകളിൽ അഞ്ചിടത്ത് എൽഡിഎഫും രണ്ടിടത്ത് യുഡിഎഫും ആണ് ജയിച്ചത്. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ അഞ്ചുതെങ്ങ് വാർഡും, ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിലെ

RIJUTVPM

അത്തിപ്പൊറ്റ വാർഡും യുഡിഎഫിൽ നിന്നും എൽഡിഎഫ് പിടിച്ചെടുത്തു. 23 ഗ്രാമപഞ്ചായത്തുകളിൽ 13 ഇടത്ത് യുഡിഎഫും 9 ഇടത്ത് എൽഡിഎഫും ആണ് ജയിച്ചത്.

**ന്യൂസ് ഡസ്ക്, ആകാശവാണി....**

ഇടുക്കി മുട്ടം, പത്തനംതിട്ട കുന്നന്താനം, തൃശൂർ ചേലക്കര, പാലക്കാട് ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തുകളിലെ ഓരോ വാർഡുകൾ ആണ് എൽഡിഎഫിൽ നിന്നും യുഡിഎഫ് പിടിച്ചെടുത്തത്. തിരുവനന്തപുരം മംഗലപുരം, കോട്ടയം പാമ്പാടി, കണ്ണൂർ പെരളശ്ശേരി ഗ്രാമപഞ്ചായത്തുകളിലെ ഉപതിരഞ്ഞെടുപ്പ് നടന്ന വാർഡുകൾ യുഡിഎഫിൽ നിന്നും എൽഡിഎഫും പിടിച്ചെടുത്തു

❁❁❁❁❁❁❁❁❁❁❁

<u>രാജ്നാഥ് സിങ്ങ്</u>

ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ വിശ്വസ്ത സുരക്ഷ പങ്കാളിയും, ആപത്ഘട്ടങ്ങളിൽ ആദ്യം എത്തിച്ചേരുന്ന രാജ്യവുമായി നിലകൊള്ളാൻ ഇന്ത്യയ്ക്ക് സാധിക്കുന്നതായി രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്ങ്. ന്യൂഡൽഹിയിൽ ഇന്ത്യൻ നാവിക കമാൻഡർ കോൺഫറൻസിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ ഊർജ്ജ സുരക്ഷയിലൂടെ രാജ്യത്തെ ഊർജ്ജ വിതരണം ഉറപ്പുവരുത്താനും ഇതിലൂടെ ദേശീയ താത്പര്യം സംരക്ഷിക്കാനും ഇന്ത്യയുടെ നാവിക സേനയ്ക്ക് സാധിക്കുന്നതായും രാജ്യരക്ഷാമന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁

<u>മുരളീധരൻ -മരുന്നുക്ഷാമം (ഇൻട്രോ)</u>

സംസ്ഥാനത്തു മരുന്നുക്ഷാമമില്ലെന്നും ചില മരുന്നുകളുടെ കുറവുള്ളത് ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി കെ മുരളീധരൻ. ഏതൊക്കെ മരുന്നുകൾക്കാണ് ലഭ്യതക്കുറവുള്ളതെന്ന് ഡി.എം.ഒ മാർക്ക് അറിയാമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു .

(വോയിസ്)

RNUTVPM

## ഏകീകൃത കളർ കോഡ്

സംസ്ഥാനത്തെ ടൂറിസ്റ്റ് ബസുകൾക്ക് ഏർപ്പെടുത്തിയിരുന്ന ഏകീകൃത കളർ കോഡ് പുനഃപരിശോധിക്കാൻ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിക്ക് സർക്കാർ നിർദേശം നൽകി. കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് ചട്ടങ്ങളും വിനോദസഞ്ചാര മേഖലയിലെ ആവശ്യങ്ങളും കണക്കിലെടുത്താണ് ഗതാഗത വകുപ്പിൻറെ ഉത്തരവ് .

ബസുകളുടെ ബോഡിയിലും സുരക്ഷാ ഗ്ലാസുകളിലും ഭീമൻ ചിത്രങ്ങളോ എഴുത്തുകളോ പാടില്ലെന്ന ഹൈക്കോടതിയുടെ കർശന നിർദേശങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടായിരിക്കണം പുതിയ നടപടികളെന്നും വിജ്ഞാപനത്തിൽ വ്യക്തമാക്കുന്നു.

## വൈദ്യുതി നിയന്ത്രണത്തിന് സാധ്യത

സംസ്ഥാനത്ത് ഇന്ന് വൈദ്യുതി മുടങ്ങാൻ സാധ്യതയെന്ന് കെഎസ്ഇബി. വൈകുന്നേരം 6.45 നും രാത്രി 12 മണിക്കുമിടയിലായിരിക്കും നിയന്ത്രണം.

## സംസ്ഥാന സ്കൂൾ കലോത്സവം

65ാമത് സംസ്ഥാന സ്കൂൾ കലോത്സവം ജനുവരി 4 മുതൽ 8 വരെ അഞ്ച് ദിവസങ്ങളിലായി എറണാകുളത്ത് നടക്കും. മറൈൻ ഡ്രൈവ് പ്രധാന വേദിയും മറ്റ് 27 കേന്ദ്രങ്ങൾ ഉപവേദികളുമായിരിക്കും. സംഘാടക സമിതി രൂപീകരണ യോഗം മന്ത്രി എൻ. ഷംസുദ്ദീൻ ഇന്ന് ഉദ്ഘാടനം ചെയ്യു.

## ഏഷ്യൻ ഗെയിംസ്

ജപ്പാൻ ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് ഇന്ന് രണ്ട് സ്വർണം. അത്ലറ്റിക്സ് വനിതകളുടെ 4 ബൈ 400 റിലേയിൽ കിരൺ-പൂവമ്മ-വിദ്യ-പ്രാചി സഖ്യമാണ് രണ്ടാം സ്വർണം നേടിയത്. 4 ബൈ 400 മിക്സഡ് റിലേയിലും, പുരുഷ റിലേയിലും ഇന്ത്യ

RKUTVPM

വെങ്കല മെഡലുകൾ സ്വന്തമാക്കി. അത്ലറ്റിക്സ് പുരുഷന്മാരുടെ 5,000 മീറ്ററിൽ ഗുൽവീർ സിങ്ങ് വെങ്കലം നേടി. 10,000 മീറ്ററിലും, 1,500 മീറ്ററിലും വെള്ളി നേടിയ ഗുൽവീറിൻറെ ഏഷ്യൻ ഗെയിംസിലെ മൂന്നാം മെഡലാണിത്. വനിതകളുടെ ഹൈജമ്പിൽ പൂജയും ഇന്ത്യക്കായി ഇന്ന് വെങ്കലം നേടി. വനിതകളുടെ ട്രാപ് ഷൂട്ടിങ്ങ് വ്യക്തിഗത ഇനത്തിൽ നീരു ധാണ്ഡയാണ് ഇന്ത്യയ്ക്ക് ഇന്നത്തെ ആദ്യ സ്വർണം നേടിക്കൊടുത്തത്. വനിതകളുടെ ട്രാപ് ടീം ഇനത്തിലും ഇന്ത്യ ഇന്ന് വെള്ളി നേടി. ബോക്സിങ്ങ് പുരുഷന്മാരുടെ 90 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ നരേന്ദർ ബെർവാൾ വെങ്കലം നേടി . നിലവിൽ 6 സ്വർണവും, 21 വെള്ളിയും, 26 വെങ്കലവും ഉൾപ്പെടെ 53 മെഡലുകളുമായി പോയിൻറ് പട്ടികയിൽ 10 ആം സ്ഥാനത്താണ് ഇന്ത്യ

☸☸☸☸☸☸☸☸☸☸☸

## സേവ സങ്കൽപ് ജൻധൻ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. കേന്ദ്രസർക്കാരിൻറെ സുപ്രധാന പദ്ധതിയായ പ്രധാൻ മന്ത്രി ജൻ ധൻ യോജനയെക്കുറിച്ചാണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. സാമ്പത്തിക ശാക്തീകരണവും, സമഗ്ര സാമ്പത്തിക ഉൾച്ചേർക്കലും ലക്ഷ്യമിട്ട് 2014ലാണ് നരേന്ദ്രമോദി സർക്കാർ ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. 2026 ഓഗസ്റ്റ് വരെയുള്ള കണക്കുകൾ പ്രകാരം 59 കോടി അക്കൗണ്ടുകൾ ഇതിൻറെ ഭാഗമായി തുറക്കാൻ സാധിച്ചു. സാമ്പത്തിക ആനുകൂല്യങ്ങൾ ജനങ്ങളിലേക്ക് അക്കൗണ്ട് വഴി നേരിട്ട് കൈമാറുന്നതിൽ പ്രധാൻ മന്ത്രി ജൻ ധൻ യോജന വലിയ പങ്ക് വഹിക്കുന്നുണ്ട്.

☸☸☸☸☸☸☸☸☸☸☸

RNUTVPM

## കെ മുരളീധരൻ

ഹൃദയാരോഗ്യത്തിന്റെ പ്രാധാന്യം ഓർമപ്പെടുത്തി ഇന്ന് ലോക ഹൃദയ ദിനം. സംസ്ഥാനത്തെ ബി.പി.എൽ കുടുംബങ്ങൾക്ക് നവംബർ മുതൽ സൗജന്യ ഹൃദയപരിശോധന നടത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചതായി മന്ത്രി കെ മുരളീധരൻ പറഞ്ഞു . ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നടന്ന പരിപാടികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

❁❁❁❁❁❁❁❁❁❁❁

## സോളാർ ബോട്ട് സർവീസ് (ഇൻട്രോ)

തിരുവനന്തപുരം ജില്ലയിലെ വിനോദസഞ്ചാര മേഖലയ്ക്ക് കുതിപ്പേകി വേളി - കഠിനംകുളം സോളാർ ബോട്ട് സർവീസ് നാളെ ആരംഭിക്കും. ഗതാഗത മന്ത്രി സി.പി ജോൺ ബോട്ട് സർവീസ് ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

(വോയ്സ്)

RNUTVPM

❁❁❁❁❁❁❁❁❁❁❁

## അഷ്ടമുടി ഫെസ്റ്റിവൽ

അഷ്ടമുടി വാട്ടർ ഗേറ്റ് മ്യൂസിക് ഫെസ്റ്റിവൽ ഒക്ടോബർ 7 മുതൽ 11 വരെ കൊല്ലത്ത് സംഘടിപ്പിക്കുമെന്ന് മന്ത്രി പി. സി. വിഷ്ണുനാഥ്. ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ വൈകിട്ട് ഏഴുമണി മുതലായിരിക്കും സംഗീതപരിപാടികൾ നടക്കുക.

❁❁❁❁❁❁❁❁❁❁❁

## സംഗീത പരിപാടി

മൃദംഗ വിദ്വാൻ പത്മശ്രീ മാവേലിക്കര കൃഷ്ണൻകുട്ടി നായരുടെ 105 ആം ജന്മവാർഷികത്തോട് അനുബന്ധിച്ച് തിരുവനന്തപുരം വിമൻസ് കോളേജിൽ മറ്റന്നാൾ അനുസ്മരണ പരിപാടികൾ സംഘടിപ്പിക്കും. പ്രശസ്ത സംഗീതജ്ഞൻ സുനിൽ ആർ ഗാർഗ്യാൻ

അവതരിപ്പിക്കുന്ന സംഗീതക്കച്ചേരി ഇതിൻറെ ഭാഗമായി അരങ്ങേറും.

## എം.എ. കൃഷ്ണൻ അന്തരിച്ചു

മുതിർന്ന ആർ.എസ്.എസ് പ്രചാരകനും ബാലഗോകുലം, തപസ്യ കലാസാഹിത്യവേദി എന്നിവയുടെ സ്ഥാപകനുമായ എം.എ. കൃഷ്ണൻ എറണാകുളത്ത് അന്തരിച്ചു. 97 വയസായിരുന്നു. കൊല്ലം ഐവർകാലയിലെ വസതിയിൽ എത്തിച്ചശേഷം നാളെ വൈകുന്നേരത്തോടെയാണ് സംസ്കാര ചടങ്ങുകൾ. ബിജെപി നേതാക്കൾ ഉൾപ്പെടെ പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

## മെഗാ ക്ലീനിംഗ് ഡ്രൈവ്

തിരുവനന്തപുരം ഗവൺമെൻറ് കണ്ണാശുപത്രിയിൽ മെഗാ ക്ലീനിംഗ് ഡ്രൈവുമായി നഗരസഭ. ശുചീകരണ യജ്ഞം നാളെ രാവിലെ മേയർ വി. വി. രാജേഷ് ഉദ്ഘാടനം ചെയ്യും. വിദ്യാർത്ഥികളെയും, നാട്ടുകാരെയും നഗരസഭ ജീവനക്കാരുടെ ടീമിനെയും കോർത്തിണക്കിയായിരിക്കും ക്ലീനിംഗ്.

RNUTVPM

## ഓഹരി /സ്വർണം

രാജ്യത്തെ ഓഹരിവിപണികൾ നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു . സെൻസെക്സ് 243 പോയിൻറ് ഇടിഞ്ഞ് 72,529 ലും നിഫ്റ്റി 64 പോയിൻറ് നഷ്ടത്തിൽ 22,716 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത് .

സ്വർണവില കുറഞ്ഞു. പവന് 200 രൂപ കുറഞ്ഞ് 1,09,120 രൂപയും ഗ്രാമിന് 13,640 രൂപയുമാണ് വില .